**സബ്മിഷൻ**

## (1) പ്രവർത്തന മേഖല വ്യാപിപ്പിക്കൽ

ശ്രീ. കെ. ജെ. മാക്സി: സർ, കേരളാ ഫയർ ഫോഴ്സ് പ്രത്യേക വകുപ്പായി പ്രവർത്തനമാരംഭിച്ച 1963 കാലഘട്ടം മുതൽ കേരളാ ഫയർ സർവ്വീസിന്റെ പരിശീലന കേന്ദ്രമായിരുന്ന ഫോർട്ട് കൊച്ചി ഫയർ സ്റ്റേഷനിൽ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്, വാഹന ഗ്യാരേജുകൾ, ജലലഭ്യത തുടങ്ങിയ സംവിധാനങ്ങളൊക്കെയുണ്ട്. 2007 ജൂൺ 4-ാം തീയതി തൃശ്ശൂർ ജില്ലയിലെ വിയ്യൂരിൽ ഫയർ സർവ്വീസ് ട്രെയിനിംഗ് അക്കാഡമി ആരംഭിച്ചതിനെത്തുടർന്ന് ഫോർട്ട് കൊച്ചി ഫയർ സ്റ്റേഷൻ മട്ടാഞ്ചേരിയുടെ ഒരു ഭാഗം മാത്രമെന്ന നിലയ്ക്ക് മാറുകയുണ്ടായി. ആയിരക്കണക്കിന് വിദേശ ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ള വിനോദ സഞ്ചാരികൾ എത്തിച്ചേരുന്ന ഫോർട്ട് കൊച്ചിയിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഫയർ സ്റ്റേഷൻ ഒഴിച്ചുകൂടാനാകാത്തതാണ്. 2015-ൽ ഉണ്ടായ ബോട്ടപകടത്തിൽ 11 ആളുകളുടെ ജീവൻ കവർന്നത് ഈയവസരത്തിൽ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അതിനാൽ തൊട്ടടുത്തുള്ള ഫോർട്ട് കൊച്ചി ഫയർ സ്റ്റേഷനിൽ ആവശ്യമായ സൗകര്യം ഒരുക്കുകയാണെങ്കിൽ വിദേശികളും സ്വദേശികളുമായ

വിനോദസഞ്ചാരികൾക്കും പൊതുജനങ്ങൾക്കും ബോട്ട് യാത്രക്കാർക്കും ഇത്തരത്തിലുള്ള അപകടമുണ്ടാകുമ്പോൾ സുരക്ഷാസംവിധാനം ഒരുക്കുവാൻ എളുപ്പത്തിൽ സാധിക്കും. ജലാശയങ്ങളിലെ ആഴത്തിലുള്ള രക്ഷാപ്രവർത്തനം സാദ്ധ്യമാക്കുന്നതിന്റെ ഭാഗമായിട്ടുള്ള സ്കൂബാ ഡൈവിംഗിന് കേരളാ ഫയർ സർവ്വീസ് സജ്ജമായിട്ടുണ്ട്. ഇത്തരത്തിലുള്ള ജീവനക്കാരെ സജ്ജമാക്കുക വഴി ഫോർട്ട് കൊച്ചിയിലെ ഫയർ ആന്റ് റെസ്ക്യൂ സംവിധാനം കാര്യക്ഷമമാക്കാനും രക്ഷാപ്രവർത്തനത്തിനൊപ്പം ടൂറിസം മേഖലയിലേക്കും ഫോർട്ട് കൊച്ചി സ്റ്റേഷനെ വ്യാപിപ്പിക്കാനും സാധിക്കും. കൊച്ചിയുടെ സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുത്ത് ആവശ്യമായ ജീവനക്കാരെ നിയമിച്ചുകൊണ്ട് ഫോർട്ട് കൊച്ചി ഫയർ സ്റ്റേഷനിൽ സ്കൂബാ ഡൈവിംഗ് വിംഗ് ഉൾപ്പെടെയുള്ള നിലവിലുള്ള വിംഗുകളെ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് ഒരു സ്ഥിരം സ്റ്റേഷനാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരള ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ ആദ്യകാല പരിശീലന കേന്ദ്രമായ ഫോർട്ടുകൊച്ചി ട്രെയിനിംഗ് സ്കൂളിലെ പരിശീലന പരിപാടികൾ തൃശ്ശൂർ ആസ്ഥാനമായ കേരളാ ഫയർ

സർവ്വീസസ് അക്കാദമി നിലവിൽവന്നതു മുതൽ തൃശ്ശൂരിലേക്ക് പൂർണ്ണമായും മാറ്റിയിരുന്നു. എന്നാൽ ഫോർട്ടുകൊച്ചി മേഖലയിലെ വൻതോതിലുള്ള വിദേശ ടൂറിസ്റ്റുകളുടെയും നിരവധി വ്യാപാര-വ്യവസായ സ്ഥാപനങ്ങളുടെയും സാന്നിദ്ധ്യം കണക്കിലെടുത്ത് മട്ടാഞ്ചേരി അഗ്നി രക്ഷാനിലയത്തിൽ നിന്നും ഒരു ഫയർ ടെണ്ടറിനേയും അതിലേക്കുള്ള അഗ്നിശമന സേനാ വിദഗ്ദ്ധരേയും നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത മേഖലയിലുണ്ടാകുന്ന ഏത് തരത്തിലുള്ള അപകടങ്ങളിലും കാര്യക്ഷമമായ രക്ഷാപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് സജ്ജമാക്കി ഫോർട്ടുകൊച്ചി സ്കൂളിൽ നിലനിർത്തിയിട്ടുണ്ട്. നാല് കിലോമീറ്റർ അകലെ സുസജ്ജമായ മട്ടാഞ്ചേരി അഗ്നിരക്ഷാ നിലയം ഉള്ളതിനാൽ തൊട്ടടുത്തുള്ള ഫോർട്ടുകൊച്ചിയിൽ വീണ്ടുമൊരു നിലയത്തിന്റെ ആവശ്യകത ഇപ്പോൾ നിലവിലില്ല.

## (2) അബ്ദുൽ ലത്തീഫിന്റെ കുടുംബത്തിന് ധനസഹായം

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വണ്ടൂർ, പള്ളിക്കുന്ന് സ്വദേശി അബ്ദുൽ ലത്തീഫ് കഴിഞ്ഞ സെപ്റ്റംബർ മാസം 11-ാം തീയതി വണ്ടൂർ പോലീസ് സ്റ്റേഷനിലെ ബാത്ത്റൂമിൽ ദുരൂഹ

സാഹചര്യത്തിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയ സംഭവമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന 100-ാം ദിവസത്തിന്റെ ആഘോഷങ്ങൾ നടക്കുന്നതിനിടയിലാണ് സാധാരണക്കാരന് സംരക്ഷണവും സുരക്ഷിതത്വവും നൽകേണ്ട പോലീസ് സ്റ്റേഷനിൽ ഒരു കസ്റ്റഡി മരണം സംഭവിച്ചിരിക്കുന്നത്. ഒരു കേസ്സുമായി ബന്ധപ്പെട്ടാണ് അബ്ദുൽ ലത്തീഫിനെ പോലീസ് സ്റ്റേഷനിലേക്ക് 9-ാം തീയതി വിളിച്ചുവരുത്തിയത്. അന്ന് ചോദ്യം ചെയ്ത് വിട്ടയച്ച അബ്ദുൽ ലത്തീഫിനെ വീണ്ടും 10-ാം തീയതി വിളിപ്പിക്കുകയായിരുന്നു. പിന്നീട് 11-ാം തീയതി ഉച്ചയ്ക്ക് 2 മണിയോടുകൂടി അബ്ദുൽ ലത്തീഫ് മരണപ്പെട്ട വിവരമാണ് കുടുംബാംഗങ്ങൾ അറിയുന്നത്. ഈ മരണവുമായി ബന്ധപ്പെട്ട് വളരെ വലിയ സംശയങ്ങൾ കുടുംബാംഗങ്ങൾക്കിടയിലുണ്ട്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് അബ്ദുൽ ലത്തീഫിന്റെ വീട് സന്ദർശിക്കുകയുണ്ടായി. ഒരു രീതിയിലും തൂങ്ങി മരിക്കുവാനുള്ള ഒരു സാഹചര്യവും അബ്ദുൽ ലത്തീഫിനില്ലെന്നാണ് അദ്ദേഹത്തിന്റെ ഭാര്യയും മാതാവും മകനും പറഞ്ഞത്. ആ തൂങ്ങി മരണത്തിൽ വളരെയേറെ സംശയങ്ങൾ ഉണ്ടെന്ന് സൂചിപ്പിക്കുകയും ചെയ്തു. ആ സംശയത്തെ ബലംവയ്പിക്കുന്ന രീതിയിലുള്ള കാര്യങ്ങളും അവിടെ നടക്കുകയുണ്ടായി. ഈ

സംഭവം നടന്നത് ഏകദേശം 12.30-നാണ് ഞാൻ അറിയുന്നത്. ഒരു മാധ്യമ സുഹൃത്ത് മലപ്പുറത്തുനിന്നും വിളിച്ചുപറയുമ്പോഴാണ് വണ്ടൂരിലുള്ള ഞാൻ വിവരം അറിയുന്നത്. പോലീസ് സ്റ്റേഷന് ഒരു കിലോമീറ്റർ അപ്പുറത്തുതന്നെ ഞാൻ ഉണ്ടായിരുന്നു. വണ്ടൂർ ടൗണിന് നടുവിലുള്ള വണ്ടൂർ പോലീസ് സ്റ്റേഷനിൽ എന്തെങ്കിലും സംഭവിച്ചാൽ ഒരു മിനിട്ടുകൊണ്ട് ആളുകൾക്ക് അവിടെ എത്തിച്ചേരാൻ കഴിയുന്ന സാഹചര്യമുണ്ട്. എന്നാൽ ഞാൻ അവിടെ ചെല്ലുമ്പോൾ കച്ചവടക്കാരോ മറ്റ് ജനങ്ങളോ ഒരാളുപോലും സ്റ്റേഷനിൽ എത്തിയിട്ടില്ല. മാത്രമല്ല, പോലീസ് സ്റ്റേഷന് അകത്ത് ജില്ലാ പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ളവർ എത്തിയിരിക്കുന്നു. മലപ്പുറത്തുനിന്നും പോലീസ് സൂപ്രണ്ടിന് വണ്ടൂരിൽ എത്തണമെങ്കിൽ ഏറ്റവും ചുരുങ്ങിയത് ഒരു മണിക്കൂറെങ്കിലും എടുക്കും. ആ സംഭവം കഴിഞ്ഞ് പോലീസ് ഉദ്യോഗസ്ഥന്മാരും എത്തിയതിന് ശേഷം, സംഭവം നടന്നുകഴിഞ്ഞ് രണ്ടര മണിക്കൂർ കഴിഞ്ഞാണ് വണ്ടൂർ പോലീസ് സ്റ്റേഷനിൽനിന്നും ഒരു കിലോമീറ്റർ മാത്രം ദൂരമുള്ള അബ്ദുൽ ലത്തീഫിന്റെ വീട്ടിൽ വിവരം അറിയുന്നത്. ഇതിൽ ദുരൂഹതയോ മറ്റ് സംശയങ്ങളോ ഇല്ലെങ്കിൽ സ്വാഭാവികമായും ജില്ലാ പോലീസ് സൂപ്രണ്ടിനെ വിവരങ്ങൾ ധരിപ്പിക്കുന്നതോടൊപ്പംതന്നെ അബ്ദുൽ ലത്തീഫിന്റെ കുടുംബാംഗങ്ങളെയും

വിവരങ്ങൾ ധരിപ്പിക്കാൻ ബാധ്യതയുണ്ടായിരുന്ന പോലീസ് അത് മറച്ചുവച്ചുവെന്നുള്ളത് വളരെ ഗുരുതരമായ ഒരു വീഴ്ചയായി കാണുകയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ സംശയം ബലപ്പെടുത്തുന്ന കാര്യമായി കാണുകയും ചെയ്യുകയാണ്. അതോടൊപ്പംതന്നെ ഇതുമായി ബന്ധപ്പെട്ട് പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റി ചെയർമാൻ പോലീസ് സ്റ്റേഷൻ സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസ്താവന പ്രത്യേകം ശ്രദ്ധേയമാണ്. അദ്ദേഹം പറഞ്ഞത് 10 അടി ഉയരത്തിൽ ഇത്തരത്തിൽ ഒരു തൂങ്ങി മരണം നടക്കണമെങ്കിൽ ഒരു തികഞ്ഞ അഭ്യാസിക്കല്ലാതെ മറ്റൊരാൾക്കും കഴിയില്ലായെന്നാണ് ശ്രീ. ജസ്റ്റിസ് നാരായണ കുറുപ്പ് പറഞ്ഞത്. അബ്ദുൽ ലത്തീഫിന്റെ മരണവുമായി ബന്ധപ്പെട്ട് ആ രീതിയിൽ വളരെ വലിയ സംശയങ്ങൾ ഉണ്ട്. ഏത് രീതിയിലായാലും നമ്മുടെ പോലീസ് സ്റ്റേഷനുകൾ കസ്റ്റഡി മരണത്തിന്റെ വേദിയായി മാറുന്നത് ഒരു ഗവൺമെന്റിനും ഭൂഷണമായ കാര്യമല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അത്തരം ഒരു സാഹചര്യം ഉണ്ടായപ്പോൾ, പ്രതിപക്ഷം ആ പ്രശ്നം ഉന്നയിക്കുന്നതിന് മുമ്പുതന്നെ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കാൻ തീരുമാനിക്കുകയുണ്ടായി

എന്നത് ഞാൻ ഈയവസരത്തിൽ ഓർക്കുകയാണ്. ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ ഗവൺമെന്റ് അത് ഗൗരവത്തോടുകൂടി കണ്ടില്ലെങ്കിൽ പിന്നീട് അത് ആവർത്തിക്കുമെന്നുള്ളതിന് തെളിവാണ് പിന്നീട് നാലുമാസത്തിനിടയിൽ വീണ്ടുമൊരു കസ്റ്റഡി മരണം തലശ്ശേരിയിൽ ഉണ്ടായതെന്ന് നമുക്കറിയാം. അതുകൊണ്ട് ഇത്തരം കസ്റ്റഡി മരണങ്ങൾ ഉണ്ടാകുമ്പോൾ അത് ഗൗരവത്തോടുകൂടി അന്വേഷിക്കാൻ തയ്യാറാകണം. ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുമെന്നാണ് ഗവൺമെന്റ് പറഞ്ഞതെങ്കിൽ ഇന്ന് 40 ദിവസം പിന്നിട്ടുകഴിഞ്ഞു. ക്രൈംബ്രാഞ്ചിന്റെ അന്വേഷണം ഇതുവരെ എവിടെയും എത്തിയിട്ടില്ല. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഇതിനകത്ത് അബ്ദുൽ ലത്തീഫിന്റെ കുടുംബാംഗങ്ങൾക്കും വണ്ടൂരിലെ ജനങ്ങൾക്കും വളരെയേറെ സംശയമുണ്ട്. ഇതൊരു തൂങ്ങി മരണമല്ലെന്നുള്ള രീതിയിലാണ് കുടുംബാംഗങ്ങൾ കാര്യങ്ങൾ കാണുന്നത്. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് ഒരു ജുഡീഷ്യൽ അന്വേഷണം ഉണ്ടാകണം. അതോടൊപ്പംതന്നെ മരണപ്പെട്ട അബ്ദുൽ ലത്തീഫ് വളരെ പാവപ്പെട്ട കുടുംബത്തിലെ അംഗമാണ്. അദ്ദേഹത്തിന്റെ കുടുംബത്തിന് നഷ്ടപരിഹാരമായി സാമ്പത്തിക സഹായം നൽകുവാനുള്ള നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന്

അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വണ്ടൂർ പോലീസ് കസ്റ്റഡിയിലെടുത്ത പള്ളിക്കുന്ന് സ്വദേശി അബ്ദുൽ ലത്തീഫ് 11.09.2016-ന് പോലീസ് സ്റ്റേഷനിലെ ബാത്ത്റൂമിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയ സംഭവമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. വണ്ടൂർ എസ്.ഐ. 11.09.2016-ന് അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുക യായിരുന്ന അബ്ദുൽ ലത്തീഫ് 11.09.2016-ന് പകൽ 11.20-നും 11.30-നും ഇടയിൽ പോലീസ് സ്റ്റേഷന്റെ കുളിമുറിയുടെ ചുമരിലെ എയർ ഹോളിൽ കെട്ടിത്തൂങ്ങി മരിച്ചുവെന്നാണ് അറിയുന്നത്. നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിച്ച് അബ്ദുൽ ലത്തീഫിന്റെ മൃതദേഹം ഇൻക്വസ്റ്റ് നടത്തി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തി ബന്ധുക്കൾക്ക് വിട്ടുകൊടുക്കുകയാണുണ്ടായത്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് മലപ്പുറം ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ കൃത്യനിർവ്വഹണത്തിന് വീഴ്ചവരുത്തിയ വണ്ടൂർ എസ്.ഐ., ഒരു സീനിയർ സി.പി.ഒ., മറ്റൊരു സി.പി.ഒ. എന്നീ മൂന്നുപേരെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ്

ചെയ്തിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം. അതിനെത്തുടർന്ന് ആവശ്യമായ നടപടികൾ വേണ്ടതുണ്ടെങ്കിൽ ആ നടപടികളും സ്വീകരിക്കാം. ഉചിതമായ സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യവും അതിനെത്തുടർന്ന് പരിശോധിക്കുന്നതാണ്.

(3) കൊച്ചിൻ റിഫൈനറിയിലെ വാതകച്ചോർച്ച

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ റിഫൈനറിയിൽ 24500 കോടി രൂപയുടെ വലിയൊരു പ്രോജക്ട് നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ കഴിഞ്ഞ ദിവസം ആ പ്രോജക്ട് സന്ദർശിക്കുകയും ഗവൺമെന്റിന്റെ എല്ലാവിധ പിന്തുണയും ആ പ്രോജക്ടിന് കൊടുക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ ദിവസമുണ്ടായ ഒരു സംഭവത്തെത്തുടർന്ന് കൊച്ചിൻ റിഫൈനറിയുടെ സമീപ പ്രദേശങ്ങളിലുള്ള ജനങ്ങളെല്ലാം ഭയാശങ്കയോടുകൂടിയാണ് അവിടെ ജീവിക്കുന്നത്. 29.09.2016-ന് രാവിലെ 9 മണിക്ക് റിഫൈനറിയിൽ നിന്നാണെന്ന രീതിയിൽ പത്രമാധ്യമങ്ങളിലും മറ്റും പറയുന്ന ഒരു വാതകച്ചോർച്ച അവിടെ ഉണ്ടായി. ആ വാതകച്ചോർച്ചയെ തുടർന്ന് തൊട്ടടുത്തുള്ള അമ്പലമുകൾ

ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ 36-ഓളം കുട്ടികളും 3 അദ്ധ്യാപകരും ഒരു അറ്റൻഡറും ഹോസ്പിറ്റലിലായ സംഭവം ഉണ്ടായി. ഈ സംഭവത്തെത്തുടർന്ന് ഇതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് നിരന്തരമായി അവിടുത്തെ ആളുകൾ ആവശ്യപ്പെട്ടു. എന്നാൽ കൊച്ചിൻ റിഫൈനറിയുടെ കോമ്പൗണ്ടിൽ നിന്നല്ല ഈ വാതകച്ചോർച്ച ഉണ്ടായതെന്ന് പറഞ്ഞ് ഈ കാര്യം അവർ നിഷേധിച്ചിരിക്കുകയാണ്. ആ പ്രദേശത്തെ മുഴുവൻ ആളുകളും ഭയത്തോടുകൂടിയാണ് ഈ സംഭവത്തിനുശേഷം അവിടെ ജീവിക്കുന്നത്. റിഫൈനറിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും നാട്ടിലെ മുഴുവൻ ആളുകളും വളരെ സഹകരണത്തോടുകൂടിയാണ് പ്രോത്സാഹനങ്ങൾ നൽകിവരുന്നത്. വാതകച്ചോർച്ച ഉണ്ടായപ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല, കാറ്റിന്റെ ഗതിക്കനുസരിച്ച് തൊട്ടടുത്ത ശ്രീ. പി. ടി. തോമസിന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലും സ്മെൽ ഉണ്ടായതായി അദ്ദേഹം എന്നോട് പറയുകയുണ്ടായി. പക്ഷെ അവിടെ ആരും ഹോസ്പിറ്റലിൽ ആയിട്ടില്ല. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, റിഫൈനറിക്കോ ഈ പ്രോജക്ടിനോ യാതൊരു എതിരും ആർക്കുമില്ല. പക്ഷെ, ജനങ്ങളുടെ ഭയാശങ്ക അകറ്റി ജനങ്ങളുടെ ജീവന് ഉറപ്പുകൊടുക്കുവാൻവേണ്ടി

അടിയന്തരമായി ഇതിനെക്കുറിച്ച് ഒരു അന്വേഷണം നടത്തണം. അതോടൊപ്പം ആ സ്കൂളിൽ നിന്നും കുട്ടികളെ മുഴുവൻ മാറ്റിയിരിക്കുകയാണ്. കൊച്ചിൻ റിഫൈനറിയുടെ സ്കൂൾ മറ്റൊരു സ്ഥലം കണ്ടെത്തി അങ്ങോട്ട് മാറ്റാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും കുട്ടികൾ പഠിക്കുന്ന ഈ ഗവൺമെന്റ് സ്കൂൾ റിഫൈനറിയുടെ സഹായത്തോടുകൂടിത്തന്നെ അടിയന്തരമായി മാറ്റി സ്ഥാപിച്ചുകൊണ്ടും വാതകച്ചോർച്ചയെക്കുറിച്ച് ഗവൺമെന്റ് തലത്തിൽ ഒരു അന്വേഷണം നടത്തി ഇനി അതുപോലൊരു ചോർച്ച ഉണ്ടാകാതിരിക്കുവാനും ഉദ്യോഗസ്ഥരുടെ ശ്രദ്ധക്കുറവുമൂലം എന്തെങ്കിലും പാളിച്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരെ നടപടിയെടുക്കുവാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഇടപെടണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 20.09.2016-ന് രാവിലെ അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കുഴിക്കാട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ എന്നിവയുടെ പരിസരത്ത് അസഹനീയമായ രൂക്ഷ ഗന്ധം അനുഭവപ്പെട്ടതിന്റെ തുടർച്ചയായി അമ്പലമേട് പോലീസ് സബ് ഇൻസ്പെക്ടറും പാർട്ടിയും സ്ഥലത്തെത്തുകയുണ്ടായി. പ്രസ്തുത

സ്ഥലത്ത് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട നിലയിൽ കാണപ്പെട്ട സ്കൂൾ കുട്ടികളെയും മറ്റും ചികിത്സയ്ക്കായി ആശുപത്രിയിൽ അയച്ചു. ഉദാസീനമായി വേണ്ടത്ര മുൻകരുതലില്ലാതെ മനുഷ്യജീവന് അപായകരമായ രീതിയിൽ അന്തരീക്ഷ മലിനീകരണം ഉണ്ടാക്കിയ കാര്യത്തിന് അമ്പലമേട് പോലീസ് സ്റ്റേഷനിൽ ക്രൈം 1106/16 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. വാതകച്ചോർച്ചയിൽ ദേഹാസ്വാസ്ഥ്യം ഉണ്ടായവർക്ക് വിവിധ ആശുപത്രികളിൽ ചികിത്സ നൽകി. ഇവരിൽ കുട്ടികളും അധ്യാപകരും മറ്റു ജീവനക്കാരുമൊക്കെ ഉണ്ടായിരുന്നു. വലിയ ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാതിരുന്ന കുട്ടികളെ ഒരു ദിവസത്തെ നിരീക്ഷണത്തിനുശേഷം ആശുപത്രിയിൽ നിന്നും വിട്ടയച്ചു. എന്നാൽ രക്ഷിതാക്കളുടെ ആവശ്യപ്രകാരം ചില കുട്ടികളെ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ഇപ്പോൾ അവരെയെല്ലാം വിട്ടയച്ചിട്ടുണ്ട്. ഈ സ്കൂൾ പരിസരത്ത് FACT, BPCL കമ്പനികളും BPCL കമ്പനിയുടെ രണ്ട് അനുബന്ധ യൂണിറ്റുകളും സ്ഥിതി ചെയ്യുന്നുണ്ട്. വാതകച്ചോർച്ച ഏത് കമ്പനിയിൽ നിന്നാണ് ഉണ്ടായതെന്ന് അന്വേഷണത്തിൽനിന്ന് വ്യക്തമായിട്ടില്ല. ഇക്കാര്യത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫാക്ടറീസ് ആന്റ്

ബോയിലേഴ്സ് ഡിപ്പാർട്ടുമെന്റ് ഇവയുടെയൊക്കെ സഹായം പോലീസ് തേടിയിട്ടുണ്ട്. ഇത്തരം സംഭവം ആവർത്തിക്കാതിരിക്കാനായി റിഫൈനറി ബ്ലൈന്റ് ഉപയോഗിച്ച് നിർഗ്ഗമന കുഴൽ സ്ഥിരമായി അടച്ചിട്ടുണ്ട്. മാത്രമല്ല അമ്പലമുകളിലെ സ്കൂൾ മാറ്റി സ്ഥാപിക്കുന്ന കാര്യവും ആലോചിച്ചുവരികയാണ്.

(4) റീ-സർവ്വേ അപാകതകൾക്ക് പരിഹാരം

ശ്രീ. ഡി. കെ. മുരളി: സർ, വാമനപുരം നിയോജക മണ്ഡലത്തിലെ കുറുപുഴ വില്ലേജിലെ റീ-സർവ്വേ അപാകതകളെ സംബന്ധിച്ച് സൂചിപ്പിക്കുന്നതിനാണ് ഈ സബ്മിഷൻ. അവിടെ റീ-സർവ്വേ അപാകതകൾമൂലം ഭൂമിയുടെ ക്രയവിക്രയം നടക്കാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. വിവാഹാവശ്യത്തിന് പെൺകുട്ടികൾക്ക് സ്വന്തം ഭൂമി എഴുതിക്കൊടുക്കാൻപോലും കഴിയാത്ത അവസ്ഥയിലാണ്. കൈവശഭൂമി ഉണ്ടെങ്കിലും തണ്ടപ്പേരും മറ്റും പല പേരുകളിലാണ്. അതുപോലെതന്നെ വിസ്തീർണ്ണത്തെ സംബന്ധിച്ചും വലിയ തർക്കങ്ങളുണ്ട്. 1500-ൽപരം പരാതികൾ ഇപ്പോൾ കെട്ടിക്കിടക്കുകയാണ്. 2014 മുതൽ ഈ ആക്ഷേപങ്ങൾ നിലനിൽക്കുകയാണ്. എന്നാൽ നാളിതുവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതൊരു പ്രദേശത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പ്രശ്നമായി വളർന്ന

വരികയാണ്. ഇതിനെ സംബന്ധിച്ച് അന്വേഷിക്കുമ്പോൾ, ഈ സർവ്വേ സംബന്ധിച്ച പരാതികൾ പരിഹരിക്കാനായി ആവശ്യമായ ഉദ്യോഗസ്ഥൻമാർ ഇല്ല എന്നാണ് മനസ്സിലാകുന്നത്. രണ്ടുപേരെ മാത്രമാണ് അതിനായി നിയോഗിച്ചിരിക്കുന്നത്. അവർ മാത്രം വിചാരിച്ചാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയില്ല. 10 സർവ്വേയർമാരുടെയെങ്കിലും സേവനം ഉണ്ടെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. നെടുമങ്ങാട് റീ-സർവ്വേ സൂപ്രണ്ട് ആഫീസിലെ നിലവിലുള്ള ജീവനക്കാരിൽനിന്ന് ആവശ്യത്തിന് ചുമതലപ്പെടുത്തിയാൽ മാത്രമേ ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ കഴിയുകയുള്ളൂ. വർഷങ്ങളായി പരിഹാരം കാണാതെ നീണ്ടുപോകുന്നു എന്നുള്ളത് അവിടത്തെ ജീവിതം തന്നെ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. ഒരു ലോണെടുക്കാൻ നിവൃത്തിയില്ല, കരമൊടുക്കാൻ നിവൃത്തിയില്ല. ആ നിലയിലുള്ള എല്ലാ ബുദ്ധിമുട്ടുകളും അവിടത്തെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കുറുപുഴ വില്ലേജിലെ റീ-സർവ്വെ പരാതികൾ പരിഹരിക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും സമയബന്ധിതമായി വളരെ അടിയന്തരമായി ഈ നടപടികൾ

പൂർത്തിയാക്കുകയും ചെയ്യുണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, വാമനപുരം നിയോജക മണ്ഡലത്തിലെ കുറുപുഴ വില്ലേജിലെ റീ-സർവ്വേ റെക്കോർഡുകൾ 01.02.2014-ൽ റവന്യൂ ഭരണത്തിന് കൈമാറിയിരുന്നു. അതിൽ നാളിതുവരെ 3625 പരാതികൾ ലഭിക്കുകയും 1503 പരാതികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. 2122 പരാതികൾ തീർപ്പാക്കുവാനായി ബാക്കിയുണ്ട്. നിലവിൽ രണ്ട് സർവ്വേയർമാരുടെ സേവനം ഇതിനായി വിനിയോഗിച്ചു വരുന്നു. കുറുപുഴ വില്ലേജ് ഉൾപ്പെടെ തിരുവനന്തപുരം ജില്ലയിലെ വിവിധ താലൂക്കുകളിലെ റീ-സർവ്വേ അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടിയും കയ്യേറ്റം കണ്ടുപിടിക്കുക തുടങ്ങിയ മറ്റു ജോലികൾക്കുമായി 44 സർവ്വേയർമാരുടെ സേവനം തിരുവനന്തപുരം ജില്ലാ കളക്ടർ ആവശ്യപ്പെടുകയും 14.10.2014-ൽ എറണാകുളത്ത് വച്ചു നടത്തിയ റവന്യൂ ഉദ്യോഗസ്ഥൻമാരുടെ യോഗത്തിൽ വേണ്ടത്ര ജീവനക്കാരെ അടിയന്തരമായി വിട്ടുനൽകുന്നതിന് സർവ്വേ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കുറുപുഴ വില്ലേജിലെ

റീ-സർവ്വേ അപാകതകൾ സംബന്ധിച്ച പരാതികൾ തരംതിരിച്ച് സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

(5) ദുരന്ത നിവാരണ സേനയ്ക്ക് സ്ഥിരം യൂണിറ്റ്

ശ്രീ. ഇ. കെ. വിജയൻ: സർ, കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ നാദാപുരം മണ്ഡലത്തിലെ മരുതോംകര വില്ലേജ് പല സമയങ്ങളിലായി പ്രകൃതി ദുരന്തമുണ്ടാകുന്ന ഒരു പ്രദേശമാണ്. വർഷങ്ങൾക്കു മുൻപ് 9 പേർ മരിക്കാനിടയായി. കഴിഞ്ഞമാസം 18-ാം തീയതി പെട്ടെന്നുണ്ടായ ഒരു മേഘസ്ഫോടനം, സ്ഫോടനം നടക്കുന്നത് വയനാടിന്റെ വനാന്തരങ്ങളിലാണ്. അതിന്റെ ഭാഗമായുള്ള മലവെള്ളപ്പാച്ചിലിൽപ്പെട്ട് ആറ് ചെറുപ്പക്കാർ മരിക്കാനിടയായ സാഹചര്യം ഉണ്ടായി. കേരളത്തിലെ ബഹുമാന്യരായ മന്ത്രിമാർ, മറ്റു ജനപ്രതിനിധികൾ, ഗവൺമെന്റ് ഏജൻസികൾ, തദ്ദേശവാസികൾ എല്ലാം അവിടെ എത്തിച്ചേർന്നു. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി, തൊഴിൽ എക്സൈസ് വകുപ്പുമന്ത്രി, ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ഉൾപ്പെടെ എല്ലാവരും അന്നുതന്നെ അവിടെ എത്തിയിരുന്നു. ജനങ്ങളുടെ പൂർണ്ണമായ സഹകരണത്തോടെ രക്ഷാപ്രവർത്തനങ്ങൾ നടത്തിയെങ്കിൽപ്പോലും ആറുപേരെയും രക്ഷിക്കാൻ കഴിഞ്ഞില്ല. 21-ാം

തീയതിയോടുകൂടിയാണ് അവസാനത്തെ ആളെയും കണ്ടെത്താൻ കഴിഞ്ഞത്. അവിടെ ദുരന്തം ആവർത്തിക്കുന്ന സാഹചര്യത്തിൽ, ഇനി ദുരന്തം ഉണ്ടാകാൻ പാടില്ല, അതിന് ചില നടപടികൾ സ്വീകരിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അവിടെ ഒരു ദുരന്ത നിവാരണ സേനയുടെ യൂണിറ്റ് ആരംഭിക്കുകയും അവർക്ക് ക്യാമ്പ് ചെയ്യാനുള്ള സൗകര്യം സൃഷ്ടിക്കുകയും ചെയ്തിരുന്നു. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അത് അവിടെനിന്ന് എടുത്തുമാറ്റുകയും മറ്റു ചില മേഖലകളിലേക്ക് കൊണ്ടുപോവുകയും ചെയ്തു. എന്നാൽ ഇത്തരം സാഹചര്യം വീണ്ടും ആവർത്തിക്കുന്നു എന്നുകണ്ട് അവിടെ പശുക്കടവ് കേന്ദ്രീകരിച്ച് മരുതോംകര പഞ്ചായത്തിൽ അവിടെ നേരത്തെ ഉണ്ടാക്കിയ ഷെൽട്ടറുമായി ബന്ധപ്പെടുത്തിക്കൊണ്ട് ദുരന്ത നിവാരണ സേനയുടെ ഒരു യൂണിറ്റ് അവിടെ ആരംഭിക്കുകയും ആത്മാർത്ഥമായി ജീവൻ രക്ഷാ പ്രവർത്തനങ്ങൾ നടത്തുന്ന തദ്ദേശവാസികളായ ചെറുപ്പക്കാർക്ക് പരിശീലനം നൽകുന്ന പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി ഉണ്ടാകണം എന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഗവൺമെന്റ് സത്വരമായി ഇതിൽ ഇടപെട്ടു. ഇന്നലെ ബഹുമാന്യരായ റവന്യൂ, എക്സൈസ്, ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിമാർ അവിടെ വന്ന് ഈ കുടുംബങ്ങൾക്ക്

സർക്കാരിന്റെ 8 ലക്ഷം രൂപ വീതം ആശ്വാസ ധനസഹായം നൽകി. രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ നൂറ്റിയൻപതോളം ചെറുപ്പക്കാരെ മുഴുവൻ അഭിനന്ദിക്കുന്ന ചടങ്ങും സംഘടിപ്പിച്ചു. ഈ പുഴ ഇവിടുത്തെ ജനങ്ങളെ പലപ്പോഴും പ്രയാസത്തിലാക്കിയ അനുഭവങ്ങൾ ഉള്ളതുകൊണ്ട് പ്രകൃതി ദുരന്ത നിവാരണ സേനയുടെ ഒരു യൂണിറ്റ് ആരംഭിക്കുന്നതിനും അവിടെയുള്ള ജനങ്ങൾക്ക് ഇതിൽ പരിശീലനം നൽകാനുള്ള സംവിധാനം ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു. ഉടനടി ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒട്ടേറെ നിർദ്ദേശങ്ങളുണ്ട്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അത് ഉണ്ടാകണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. അവിടത്തെ ഈ കേന്ദ്രത്തിൽ പെട്ടെന്നുവേണ്ട ആവശ്യങ്ങൾ എന്നുള്ള നിലയ്ക്ക് റോപ്, ലൈഫ് ജാക്കറ്റ്, നെറ്റ് (പുഴയ്ക്ക് കുറുകെ ഇടാനുള്ളത്), സ്ട്രെക്ച്ചർ, സേഫ്റ്റി ഹെൽമറ്റ്, സർച്ച് ടോർച്ച്, ലൈഫ് ട്യൂബ്, ജനറേറ്റർ, സ്ഥിരമായ വാഹന സംവിധാനം തുടങ്ങിയവയൊക്കെ ഒരുക്കിയാൽ ഒട്ടേറെ സഹായകരമായ നിലപാടായി അത് മാറും.

ചെറുപ്പക്കാരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഒരു തുള്ളി വെള്ളമില്ലാത്ത സാഹചര്യത്തിലായിരിക്കും ഈ മനോഹരമായ സ്ഥലത്തേക്ക് ആളുകൾ വരുന്നത്. അഞ്ച് നിമിഷംകൊണ്ടാണ് വെള്ളത്തിന്റെ വലിയ കുത്തൊഴുക്ക്

വരുന്നത്. ഇത്തരമൊരു സഹായം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും ദുരന്ത നിവാരണ സേനയുടെ ഒരു യൂണിറ്റ് അവിടെ സ്ഥാപിക്കാൻ സത്വരമായ നടപടി ഉണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്.

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ബഹുമാനപ്പെട്ട നാദാപുരം എം.എൽ.എ. ശ്രീ. ഇ. കെ. വിജയൻ ഇവിടെ ഉന്നയിച്ച വിഷയം അദ്ദേഹം സൂചിപ്പിച്ചതുപോലെ ഞങ്ങൾ നേരിട്ടു പോകുകയും ആ ദുരന്ത ഭൂമിയിലെ യഥാർത്ഥ പ്രയാസങ്ങൾ നേരിട്ട് കാണുകയും ചെയ്തു. തുടർന്ന് ഇന്നലെ നടന്ന ചടങ്ങുൾപ്പെടെ അദ്ദേഹം വിശദീകരിക്കുകയുണ്ടായി. പക്ഷേ കേരളത്തിൽ കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ ഒരു പ്രാദേശിക ദുരന്ത പ്രതികരണ കേന്ദ്രമാണ് അനുവദിച്ചിട്ടുള്ളത്. അത് 24/06/2016- പ്രകാരം ഈ കേന്ദ്രം എറണാകുളത്ത് സ്ഥാപിക്കാനാണ് സ്ഥലം അനുവദിച്ചിരിക്കുന്നത്. മദ്ധ്യകേരളമെന്ന പരിഗണനയും വിമാന, കപ്പൽ, റെയിൽ, റോഡ് മാർഗ്ഗങ്ങളിലുള്ള സഞ്ചാര സൗകര്യങ്ങളും എറണാകുളത്തെ വ്യവസായ ശാലകളുമായി ബന്ധപ്പെട്ട അപകട സാധ്യതയും പരിഗണിച്ചിട്ടാണ് ദുരന്ത നിവാരണ അതോറിറ്റിയുടെ ശിപാർശ മാനിച്ച് കേന്ദ്ര സർക്കാർ കേന്ദ്ര ദുരന്ത പ്രതികരണ സേനയയുടെ കേരളത്തിലെ പ്രാദേശിക

ദുരന്ത പ്രതികരണ കേന്ദ്രം എറണാകുളത്ത് അനുവദിച്ചത്. നിലവിൽ നാൽപ്പത്തിയേഴ്പേർ അടങ്ങുന്ന ഒരു സംഘം തൃശ്ശൂർ ജില്ലയിൽ സംസ്ഥാന സാമൂഹികാധിഷ്ഠിത ദുരന്ത പ്രതികരണ സേനയുടെ പരിശീലന കേന്ദ്രത്തിൽ തങ്ങി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലെ ദുരന്ത പ്രതികരണ പ്രവർത്തനങ്ങളെ സഹായിക്കുന്നു. മറ്റൊരു കേന്ദ്രം സ്ഥാപിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. കേരളത്തേക്കാൾ ദുരന്ത സാധ്യതയുള്ള സംസ്ഥാനങ്ങളിൽപോലും കേന്ദ്ര സേനയുടെ ഒരു പ്രാദേശിക ദുരന്ത പ്രതികരണ കേന്ദ്രമാണ് അനുവദിച്ചിട്ടുള്ളത്. 2016 സെപ്റ്റംബർ 7-ാം തീയതി അംഗീകരിച്ച സംസ്ഥാന ദുരന്ത ലഘൂകരണ ആസൂത്രണ രേഖയിൽ സാമൂഹികാധിഷ്ഠിത ദുരന്ത പ്രതികരണ സേനകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സാമൂഹികാധിഷ്ഠിത ദുരന്ത പ്രതികരണ സേനയുടെ പരിശീലന കേന്ദ്രം തൃശ്ശൂർ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പശ്ചാക്കടവ് മേഖലയിലെ പഞ്ചായത്ത് കമ്മിറ്റി ശിപാർശ ചെയ്യുന്ന സന്നദ്ധ പ്രവർത്തകർക്ക് ഒരു പഞ്ചായത്തിൽ വാർഡിലൊന്നിൽ പത്ത് വീതം സാമൂഹികാധിഷ്ഠിത ദുരന്ത പ്രതികരണ പരിശീലനം ഈ കേന്ദ്രത്തിൽ നൽകുകയും പഞ്ചായത്തിൽ പഞ്ചായത്തുതല ദുരന്ത നിവാരണ കമ്മിറ്റി രൂപീകരിക്കാൻ വേണ്ടുന്ന സാങ്കേതിക സഹായം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ

അതോറിറ്റി എന്നിവർ ചെയ്തുനൽകുന്ന കാര്യവും പരിശോധിക്കുകയും ചെയ്യാവുന്നതാണ്.

## നഷ്ടപരിഹാരം

ശ്രീ. കെ. എം. ഷാജി : സർ, കണ്ണൂർ കൊടിക്കുണ്ട് രാജേന്ദ്ര നഗർ കോളനിക്ക് സമീപം 2016 മാർച്ച് 24-ന് രാത്രി 11.20-ന് ജോത്സന പവിത്രൻ എന്നിവരുടെ ഉടമസ്ഥതയിലുള്ളതും വാടകയ്ക്ക് നൽകിയതുമായ വീട്ടിൽനിന്നും വലിയൊരു സ്ഫോടനമുണ്ടായി. വാടകയ്ക്ക് താമസിച്ചിരുന്നവർ അനധികൃതമായി വെടിമരുന്ന് സൂക്ഷിച്ചിരുന്നുവെന്നാണ് അറിഞ്ഞത്. ഈ ഉഗ്രസ്ഫോടനത്തിന്റെ ഫലമായി സമീപത്തുള്ള 79 വീടുകൾക്ക് വലുതും ചെറുതുമായ നാശനഷ്ടം സംഭവിക്കുകയും അഞ്ച് വീടുകൾ സാരമായി നശിക്കുകയും ചെയ്തു. പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാരും കോർപറേഷൻ എഞ്ചിനീയർമാരും നാശനഷ്ടം സംബന്ധിച്ച അസ്സെസ്മെന്റ് നടത്തി രണ്ട് കോടി പത്ത് ലക്ഷത്തി പതിനായിരം രൂപയുടെ റിപ്പോർട്ടും കൃഷിക്ക് അൻപത്തി അയ്യായിരം രൂപയുടെ നഷ്ടപരിഹാരമുണ്ടായതായും കണക്കാക്കിയിട്ടുണ്ട്. ആ പൈസ ഇതുവരേയും അവർക്ക് കൊടുത്തിട്ടില്ല. ആ സ്ഫോടനം കണ്ട് ഞെട്ടിയുണർന്ന ഒരാൾ പ്രതിപക്ഷാംഗങ്ങളുടെ പിറകിൽതന്നെ ഇരിപ്പുണ്ട്. ശ്രീ. ജെയിംസ് മാത്യു എം.എൽ.എ.യുടെ വീട്ടിന്റെ അടുത്താണ് ഈ

സംഭവം. കക്ഷി രാഷ്ട്രീയത്തിന് അതീതമായി അവിടത്തെ ജനങ്ങൾ ഒരുമിച്ച് ഈ പ്രശ്നം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻകൈ എടുത്തിട്ടാണ് രണ്ടാമത് എസ്റ്റിമേറ്റ് ഉണ്ടാക്കിയത്. കാര്യം വളരെ ഗൗരവമാണ്. അവർ നിരപരാധികളാണ്. കേസ്സും അന്വേഷണവുമൊക്കെ ഗംഭീരമായി നടക്കട്ടെ. പക്ഷേ ആ നിരപരാധികളായ വീട്ടുകാർക്ക് അടിയന്തരമായി സഹായം അനുവദിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, കണ്ണൂർ ജില്ലയിൽ പുഴാതി വില്ലേജിൽ രാജേന്ദ്ര നഗർ കോളനിക്ക് സമീപം വീട്ടിൽ സൂക്ഷിച്ചിരുന്ന പടക്കം പൊട്ടി 24.03.2016-ന് രാത്രിയുണ്ടായ സ്ഫോടനത്തിൽ പരിക്കേറ്റവർക്ക് ധനസഹായവും വീടുകൾക്കുണ്ടായ നാശത്തിന് നഷ്ടപരിഹാരവും നൽകുന്നതിനായി ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ട് 06.04.2016-ൽ കൂടിയ മന്ത്രിസഭായോഗം പരിഗണിക്കുകയും സ്ഫോടനത്തിൽ പരിക്കേറ്റവർക്ക് ധനസഹായവും വീടുകൾക്കുണ്ടായ നാശത്തിന് നഷ്ടപരിഹാരവും നൽകുന്നതിന് ജില്ലാ കളക്ടർ കണക്കാക്കിയിട്ടുള്ള 90,82,400/- രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിക്ക് വിധേയമായി അനുവദിക്കാൻ അന്ന് തീരുമാനിച്ചിരുന്നു. ഇലക്ഷൻ

പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്ന സമയത്ത് ഫയലുകൾ പരിശോധിക്കുന്നതിനായി നിയോഗിച്ചിരുന്ന കമ്മിറ്റി ഈ വിഷയം 19.04.2016-ൽ പരിശോധിക്കുകയും പ്രസ്തുത അപകടത്തിന് ഇരയായവരുടെ വിശദവിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതുപ്രകാരം കണ്ണൂർ ജില്ലാ കളക്ടറിൽനിന്ന് ലഭിച്ച റിപ്പോർട്ടിൽ രണ്ട് കോടി മൂന്ന് ലക്ഷത്തി പതിനേഴായിരം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് അറിയിക്കുകയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുകയുമുണ്ടായി. വീട്ടിൽ സൂക്ഷിച്ചിരുന്ന പടക്കം പൊട്ടിയാണ് ദുരന്തം സംഭവിച്ചിട്ടുള്ളതെന്നതിനാലും ഈ അപകടം സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയിൽ വന്നിട്ടില്ലാത്തതിനാലും ഇതൊരു സ്റ്റേറ്റ് സ്പെസിഫിക് ഡിസാസ്റ്ററായി അംഗീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ അപകടത്തിൽപ്പെട്ടവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി, ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും സാമ്പത്തിക സഹായം നൽകാൻ കഴിയുന്നതല്ല. തുടർന്ന് ടി വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും അതനുസരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

<u>ഭക്ഷ്യോൽപ്പന്നങ്ങളുടെ വിപണനം തടയൽ</u>

<u>ശ്രീ. പി. കെ. ശശി</u> : സർ, ജനങ്ങളുടെ ജീവനും ആരോഗ്യത്തിനും ഏറെ ഹാനികരമായ ഭക്ഷ്യോൽപ്പന്നങ്ങൾ നമ്മുടെ നാട്ടിൽ ഏറെ വിറ്റഴിക്കപ്പെടുന്നുവെന്നത് നമ്മൾ ഇതിനുമുമ്പ് ചർച്ചചെയ്തിട്ടുള്ളതാണ്. അതിൽ ഭക്ഷ്യധാന്യങ്ങളും പഴവും പച്ചക്കറികളും പലവ്യഞ്ജനങ്ങളും മത്സ്യവും മാംസ്യവു മൊക്കെയുണ്ട്. ഇതിനിടയിലാണ് ജനങ്ങൾക്കിടയിൽ വല്ലാത്ത ഭീതി പരത്തിക്കൊണ്ട് വ്യാജമുട്ട സംബന്ധിച്ച് ഒരു വാർത്ത പുറത്തുവന്നിട്ടുള്ളത്. അത് സാമൂഹ്യ മാധ്യമങ്ങളിലും പത്രമാധ്യമങ്ങളിലും വലിയ ചർച്ചയുണ്ടായി. ഇപ്പോൾ പറഞ്ഞുവരുന്നത് പ്ലാസ്റ്റിക്കിനോട് സമാനമായ രൂപത്തിലുള്ള ഒരു മുട്ടയുടെ തോടാണ് ഇതിനുള്ളതാണെന്നാണ്. രണ്ട് വേർഷനുണ്ട്. ഒന്ന് രാസമുട്ടയാണ്, മറ്റൊന്ന് കാലാവസ്ഥയിലുണ്ടായ വ്യതിയാനത്തിന്റെ ഭാഗമാണ്. ഏതായാലും ശരി ഇതുസംബന്ധിച്ച് യഥാർത്ഥത്തിലുള്ള വസ്തുതയെന്താണെന്ന് ജനങ്ങളെ അറിയിക്കേണ്ടതുണ്ട്. അതിനാവശ്യമായ തരത്തിൽ ഗവൺമെന്റിന്റെയും ആരോഗ്യ വകുപ്പിന്റേയും ഫലപ്രദമായിട്ടുള്ള ഇടപെടൽ ഈ കാര്യത്തിൽ ഉണ്ടാകണമെന്നാണ് പറയാനുള്ളത്. വലിയ ആശങ്കയിലാണ് ജനങ്ങൾ. ഇതുപോലെയാണ് ഉണക്ക

മത്സ്യത്തിന്റെ അവസ്ഥ. അതും ജനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നതാണ്. ഇവിടെ ഇപ്പോൾ പുറത്തുവരുന്ന വാർത്ത മൃതദേഹത്തിന് കേടുകൂടാതെ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന ഫോർമാലിൻ എന്ന വിഷപദാർത്ഥം കൂടി ചേർത്തുകൊണ്ടാണ് മത്സ്യം ഉണക്കുന്നത്. അഴുകിയ മീനാണ് നാഗപട്ടണത്തുനിന്നും മറ്റും നമ്മുടെ നാട്ടിലേയ്ക്ക് വരുന്നത്. ഇത് മാരകമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നാണ് നമ്മുടെ നാട്ടിലേയ്ക്ക് വരുന്നതെങ്കിൽ ചെന്നൈ വഴിക്കാണ് വരുന്നത്. അവിടെ വച്ച് ഇതിന്റെ ഫലപ്രദമായ പരിശോധന നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ ഇടപെടൽ നടത്തുവാൻ ഗവൺമെന്റിന് സാധിക്കണം. മറ്റൊന്ന് നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തിയിൽവച്ചുതന്നെ ഇവിടേയ്ക്ക് വരുന്ന ഭക്ഷ്യവസ്തുക്കൾ പരിശോധിക്കാൻ ഫലപ്രദമായ സംവിധാനം ഉണ്ടാകണം. ജനങ്ങളുടെ ആരോഗ്യത്തിന്റെയും ജീവന്റെയും പ്രശ്നമാണ് എന്നുള്ളതിനാൽ വളരെ ഗൗരവത്തോടുകൂടിയ ഒരു ഇടപെടൽ ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹിക നീതിയും വകുപ്പുമന്ത്രി (ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ): സർ, 1976-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തെ അടിസ്ഥാനമാക്കിയാണ് നമ്മൾ ഈ കാര്യങ്ങളെല്ലാം പരിശോധിക്കുന്നത്. മത്സ്യം,

മാംസം, മുട്ട, പച്ചക്കറി, പാൽ, പാലുൽപ്പന്നങ്ങൾ തുടങ്ങി പാകം ചെയ്യാതെ കഴിക്കുന്ന ഭക്ഷ്യവസ്തുക്കളിലും ഹോട്ടലുകളിലും മറ്റും പാകം ചെയ്ത് വിൽക്കുന്ന ഭക്ഷ്യ വസ്തുക്കളും മായമില്ലാത്തതും ആരോഗ്യത്തിന് ഹാനികരമല്ലാത്തതുമാണെന്ന് ഉറപ്പുവരുത്തണമെന്ന് ഈ നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് പരിശോധനയ്ക്കാവശ്യമായ സംവിധാനങ്ങൾ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാർ ഈ കാര്യങ്ങൾ പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കുകയാണ്. അതുപോലെതന്നെ നിയമസഭാ നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ആഫീസർമാരും നിലവിലുണ്ട്. ഈ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാംപിളുകളും മറ്റും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള മൂന്ന് ലബോറട്ടറികളിലാണ് പരിശോധനയ്ക്ക് അയയ്ക്കുന്നത്. ഇത് സംബന്ധിച്ചുള്ള പരിശോധന തുടർന്ന് വരികയാണ്. ഈ പരിശോധനയിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ ഇതിലെ നിയമം അനുശാസിക്കുന്ന വിധത്തിൽ പ്രോസിക്യൂഷൻ നടപടികളോ അഡ്ജൂഡിക്കേഷൻ നടപടികളോ നിരോധന നടപടികളോ സ്വീകരിച്ചുവരികയാണ്. അഡ്ജൂഡിക്കേഷൻ നടപടികൾ

സ്വീകരിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ ആർ.ഡി.ഒ.മാരേയും അഡ്ജൂഡിക്കേഷൻ ഓഫീസർമാരായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. അപ്പീലുകൾ പരിഹരിക്കുന്നതിന് തിരുവനന്തപുരം II-ാം അഡീഷണൽ ജില്ലാ ജഡ്ജിയെ സംസ്ഥാന ഭക്ഷ്യ സുരക്ഷാ അപ്പലേറ്റ് ട്രിബ്യൂണലായി സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഈ സംവിധാനങ്ങളെല്ലാം ഉപയോഗിച്ചാണ് ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ചിലപ്പോൾ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചുള്ള പരിശോധനയും നടത്തുന്നുണ്ട്. പ്രോസിക്യൂഷൻ നടപടികളും ഫൈനും അടക്കമുള്ള തുടർനടപടികൾ ഇത്തരം കാര്യങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. ഇങ്ങനെയുള്ള നടപടികളുടെ ഭാഗമായി ഈ മായം കലർന്ന ആഹാര പദാർത്ഥങ്ങൾ നൽകുന്നത് കുറയേറെ കുറവ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്. പച്ചക്കറികളിലെ കീടനാശിനികളുടെ അംശം പരിശോധിച്ചതിന്റെ ഭാഗമായി ചിലയിനം പച്ചക്കറികളിൽ കീടനാശിനികളുടെ അംശം കണ്ടെത്തിയിട്ടുണ്ട്. ബീൻസ്, കറിവേപ്പില, പച്ചമുളക്, പുതിനയില, മല്ലിയില, പാലക്ചീര, ബീറ്റ്റൂട്ട്, കോവയ്ക്ക തുടങ്ങിയ പച്ചക്കറികളിൽ ഇത്തരത്തിലുള്ള കീടനാശിനികൾ അമിതമായി കണ്ടെത്തിയിട്ടുണ്ട്. അതിനെതിരെ ചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. കറിവേപ്പിലയിലും മല്ലിയിലയിലുമാണ് ഒന്നിൽക്കൂടുതൽ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളത്. ഇതുപോലെ

ഇവിടെ പരാമർശിച്ചിട്ടില്ലെങ്കിലും കോഴിയിറച്ചിയിലും ഇതുപോലുള്ള വിഷാംശമുണ്ട്. കോഴിയിറച്ചിയിൽ ഇത്തരത്തിലുള്ള വിഷാംശമുണ്ടെന്നുള്ള സൂചനയുടെ ഭാഗമായി പത്ത് ചിക്കൻസാമ്പിളുകൾ ശേഖരിച്ച് ആന്റീബയോട്ടിക് പരിശോധന നടത്തുന്ന ഹൈദരാബാദിലെ ലാബിൽ പരിശോധനയ്ക്ക് അയച്ചപ്പോൾ അതിൽ രണ്ടെണ്ണത്തിൽ ആന്റീബയോട്ടിക്കിന്റെ സാന്നിദ്ധ്യം കണ്ടെത്താൻ സാധിച്ചു. കൃത്രിമ കോഴിമുട്ടയുടെ കാര്യം ഇവിടെ പരാമർശിക്കുകയുണ്ടായി. ഇതുസംബന്ധിച്ചുള്ള ധാരാളം വാർത്തകൾ പുറത്തുവന്നിരുന്നു. ചില മുട്ടയുടെ ഘടനയിൽ വലിയ വ്യത്യാസം കണ്ടെത്തി. മുട്ടയുടെ സാമ്പിളുകൾ ശേഖരിച്ച് ശാസ്ത്രീയ പരിശോധന നടത്തിയപ്പോൾ അത് യഥാർത്ഥ കോഴിമുട്ട തന്നെയാണെന്നാണ് മനസ്സിലായത്.P ജനിതക പ്രത്യേകത ഉള്ളതുകൊണ്ടാണോ അതിന്റെ ഘടനയിൽ ചെറിയ മാറ്റം ഉണ്ടായതെന്ന് അറിയില്ല. കോഴിമുട്ടയുടെ വെയിറ്റ് പരിശോധിക്കുന്നുണ്ട്. ൂക്കത്തിൽ വ്യത്യാസമുള്ള മൂന്ന് സാമ്പിളുകളാണ് കൂടുതൽ ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കിയത്. എന്നാൽ പരിശോധനയിൽ ഇതിന്റെ ഉള്ളടക്കത്തിൽ ഏതെങ്കിലും രാസവസ്തുക്കളോ മറ്റോ കണ്ടെത്താൻ സാധിച്ചിട്ടില്ല. ഈ പരിശോധ P നാ റിപ്പോർട്ട് പുറത്തുവന്നതിനുശേഷവും പല സ്ഥലത്തുനിന്നും പ്ലാസ്റ്റിക് മുട്ട ലഭിച്ചിട്ടുണ്ടെന്ന വാർത്ത ഉദ്യോഗസ്ഥരെ അറിയിക്കുകയുണ്ടായി. അത്

വീണ്ടും പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് കൊടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജനങ്ങളാകെ ഭീതിയിലാണ്. ഇത്തരത്തിലുള്ള വ്യാജമുട്ട ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നില്ല എന്ന വാർത്തകൾ പുറത്തുവന്നെങ്കിലും ഇതുസംബന്ധിച്ച പരിശോധനകൾ നിറുത്തിവയ്ക്കുന്നില്ല. ഇത്തരം കാര്യങ്ങളിൽ ഇനിയും പരിശോധന നടത്തുന്നതാണ്. ഭക്ഷ്യയോഗ്യമല്ലാത്ത മായം കലർന്ന ആഹാരം പരിശോധിക്കുന്ന P തിനുള്ള സംവിധാനം കൂടുതൽ ശക്തമാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പുറത്തുനിന്നുവരുന്ന ആഹാര സാധാനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടത് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയാണ്. ഈ അതോറിറ്റിയുടെ സർട്ടിഫിക്കറ്റ് വന്നുകഴിഞ്ഞാൽ പിന്നീട് പരാതിയുടെ ഭാഗമായിട്ടാണ് കേരളത്തിൽ പരിശോധിക്കാൻ സാധിക്കുന്നത്. ചെന്നൈയിൽനിന്ന് ഭക്ഷണസാധനങ്ങൾ വരുന്നത് ഇത്തരത്തിൽ എഫ്.എസ്.എസ്.എ.ഐ. മുദ്രയോടുകൂടിയാണ്. അവിടത്തെ പരിശോധന കർശനമാക്കാൻ ഗവൺമെന്റ് ഓഫ് ഇന്ത്യയോട് ആവശ്യപ്പെടാവുന്നതാണ്. ഈ ഗവൺമെന്റ് P അധികാരത്തിൽ വന്നതിനുശേഷം പരിശോധനാ നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. 2121 സ്ഥാപനങ്ങൾ ഇതുസംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. അൻപത്തിനാല് ലക്ഷത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ

നാല് മാസത്തിനിടയിൽ ഫൈനായി ഈടാക്കിയിട്ടുണ്ട്. ഗുരുതരമായ ലംഘനം കണ്ടെത്തിയ പത്തൊൻപത് സ്ഥാപനങ്ങളുടെ പ്രവർത്തനം നിറുത്തിവയ്ക്കുകയും കോടതി മുമ്പാകെ 79 കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച പരിശോധന ഊർജ്ജിതമാക്കിയിട്ടുണ്ട്. ഈ പറയുന്ന പരാതികളുടെ അടിസ്ഥാനത്തിൽ പരിശോധന കുറെക്കൂടി ഊർജ്ജിതമാക്കാം. ശുദ്ധമായ ഭക്ഷണം ജനങ്ങൾക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ എല്ലാ സജ്ജീകരണവും സർക്കാർ ഉപയോഗപ്പെടുത്തുമെന്നാണ് ഈ സബ്മിഷന് മറുപടിയായി നൽകാനുള്ളത്.

<u>സ്പോട്ട് അഡ്മിഷൻ</u>

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, കേരളത്തിന്റെ സ്വാശ്രയ വിദ്യാഭ്യാസ ചരിത്രത്തിൽ രക്തരൂക്ഷിത സമരങ്ങൾക്ക് നേതൃത്വം നൽകിയ, രക്തസാക്ഷികളെ സൃഷ്ടിച്ച സി.പി.എം.ന്റെയും അവരുടെ പോഷക സംഘടനയുടെയും ചരിത്രത്തിലെ ഏറ്റവും വലിയ മലക്കം മറിച്ചിലിനാണ് കേരളം സാക്ഷ്യം വഹിച്ചത്. പ്രതിപക്ഷ സമരത്തിനൊടുവിൽ കേരളീയ പൊതുസമൂഹവും വിദ്യാർത്ഥി സമൂഹവും ആഗ്രഹിക്കുന്നതുപോലെ ഒരുവേള ഫീസ് കുറയ്ക്കാൻ തയ്യാറായി മാനേജ്മെന്റുകൾ കടന്നുവന്നപ്പോൾ അതിന് തയ്യാറാകാതെ വിദ്യാർത്ഥികളെ കൊള്ളയടിക്കുന്ന എല്ലാ തീരുമാനങ്ങൾക്ക് മുൻപിൽ പഞ്ചപുച്ഛമടക്കിനിന്ന ഇടത് യുവജന

നേതാക്കന്മാർക്ക് എന്റെ റെഡ് സല്യൂട്ട് അർപ്പിക്കുകയാണ്. കേരളത്തിലെ കണ്ണൂർ, കരുണ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ' നീറ്റ് ' അട്ടിമറിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷം സ്പോട്ട് അലോട്ട്മെന്റിൽ നമുക്ക് കാണാൻ ഇടയായി. മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതുപോലെ എല്ലാ നിയമങ്ങളും കാറ്റിൽപ്പറത്തിക്കൊണ്ടാണ് ഈ കോളേജുകൾ അഡ്മിഷൻ പ്രക്രിയയുമായി മുന്നോട്ടുപോയത്. ഇവിടെ സാമൂഹ്യ നീതിയെല്ലാം അട്ടിമറിക്കപ്പെട്ടു. 250 എം.ബി.ബി.എസ്. സീറ്റുകളിൽ വലിയ ക്രമക്കേടാണ് നടന്നത്. സുപ്രീംകോടതി അവർക്ക് ഫീസുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ നൽകിയെങ്കിൽപ്പോലും അതിൽനിന്നെല്ലാം വ്യത്യസ്തമായി ധാരാളം ഫീസ് ഈടാക്കുകയുണ്ടായി. അറുപത്തിനാല് ലക്ഷം രൂപയോളം ഉണ്ടെങ്കിൽ മാത്രം അഡ്മിഷൻ നേടാൻ ഇവിടെ ഇരുന്നാൽമതിയെന്ന കർശനമായ നിർദ്ദേശം നൽകുകയും പത്ത് ലക്ഷം രൂപ പലിശ രഹിത ഡിപ്പോസിറ്റായി നൽകുകയും അതുപോലെതന്നെ ഫീസിനുപുറമെ ബാങ്ക് ഗ്യാരണ്ടി, അതും നാൽപ്പത് ലക്ഷത്തിന്റെ മുഴുവൻ തുകയും ഉണ്ടെങ്കിൽ മാത്രമേ അവർക്ക് അഡ്മിഷൻ ലഭ്യമാകുകയുള്ളൂവെന്നും കെട്ടിവച്ച രണ്ടര ലക്ഷം രൂപപോലും നഷ്ടമാകുകയും അതിനുപുറമെ ഫൈൻ ചുമത്തുകകയും ചെയ്യുമെന്ന സ്ഥിതിവിശേഷം സംജാതമാകുകയും ചെയ്തു. മെറിറ്റിൽ അഡ്മിഷൻ ലഭിച്ച, ആൾ ഇന്ത്യ

എൻട്രൻസിൽ പ്രവേശനം ലഭിച്ച കേരളത്തിലെ കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കാത്ത ഒരു സ്ഥിതവിശേഷമുണ്ടായി. സി.പി.ഐ.(എം)-ന്റെ മുതിർന്ന നേതാക്കന്മാർക്ക് നേരിട്ട് ബന്ധമുള്ള കണ്ണൂർ മെഡിക്കൽ കോളേജിൽ മാനേജ്മെന്റുകളുമായി ഒത്തുകളിച്ച ഒരു സ്ഥിതിവിശേഷം നിലവിലുണ്ട്. കേരളത്തെ പ്രതിനിധീകരിക്കുന്ന അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ കുറ്റകരമായ മൗനമാണ് പുലർത്തിയത്. ഈ മാനേജ്മെന്റുകൾക്കെതിരെ ഒരു വാക്കുപോലും ശബ്ദിക്കാൻ അദ്ദേഹം തയ്യാറായില്ല. അവിടെയാണ് ഈ ഇരട്ടത്താപ്പ്, ഇടപെടലുകൾ നമ്മൾ മനസ്സിലാക്കേണ്ടത്. നിലവിൽ കേരളത്തിലെ മെഡിക്കൽ സീറ്റ് അലോട്ട്മെന്റുമായി ബന്ധപ്പെട്ട് എല്ലാ നിയമങ്ങൾക്കും പുല്ലുവില കൽപ്പിക്കുന്ന, സർക്കാരിനും കോടതിക്കും പുല്ലുവില കൽപ്പിക്കുന്ന ഈ മാനേജ്മെന്റുകൾക്കെതിരെ എന്ത് നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? 250 സീറ്റുകളിലേക്കുള്ള അഡ്മിഷൻ റദ്ദ് ചെയ്യാൻ, അതുപോലെത്തന്നെ ഇവിടെ അഡ്മിഷന് അർഹരായ കുട്ടികളെ ജോയിന്റ് ചെയ്യിപ്പിക്കാനും വേണ്ടുന്ന നടപടികൾ സ്വീകരിക്കണം. ഈ സമരം അട്ടിമറിക്കാൻ കാണിച്ച ആർജ്ജവത്തിന്റെ നൂറിലൊന്ന് ഈ മാനേജ്മെന്റുകൾക്കെതിരെ പുലർത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ അവരുടെ എൻ.ഒ.സി. റദ്ദ് ചെയ്യുന്നതിനും അവരുടെ അഫിലിയേഷൻ റദ്ദ്

ചെയ്യുന്നതിനും കഴിയുമായിരുന്നു. ഇക്കാര്യത്തിലാണ് ഈ ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി ഇടപെടേണ്ടതെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, മെഡിക്കൽ, ഡെന്റൽ പ്രവേശനത്തിന് സർക്കാരുമായി കരാർ ഒപ്പിടാത്ത കണ്ണൂർ, കരുണാ മെഡിക്കൽ കോളേജുകൾ സ്വന്തം നിലയ്ക്ക് നടത്തിയ പ്രവേശന വിവരം സ്പോട്ട് അഡ്മിഷൻ സമയത്ത് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് കൈമാറണമെന്ന ഹൈക്കോടതി നിർദ്ദേശം ഈ കോളേജുകൾ അട്ടിമറിച്ചതിനെത്തുടർന്ന് അവസാന സ്പോട്ട് അഡ്മിഷൻ കഴിഞ്ഞിട്ടും സ്വാശ്രയ പ്രവേശനത്തിൽ നിലനിൽക്കുന്ന പ്രതിസന്ധി സംബന്ധിച്ച സബ്മിഷനാണ് ശ്രീ. ഹൈബി ഈഡൻ ഇവിടെ ഉന്നയിച്ചത്. ഇതുസംബന്ധിച്ച വിഷയമാണ് അദ്ദേഹം എഴുതിക്കൊടുത്തത്. എന്നാൽ ഇത്തരത്തിൽ എഴുതിക്കൊടുക്കാതെ അദ്ദേഹം പരാമർശിച്ച കുറച്ച് വിഷയങ്ങളുണ്ട്. അതിനുള്ള മറുപടി ഈ വിഷയം പരാമർശിച്ചശേഷം നൽകാം. കണ്ണൂർ മെഡിക്കൽ കോളേജ്, കരുണാ മെഡിക്കൽ കോളേജ്, കോഴിക്കോട് കെ.എം.സി.ടി. മെഡിക്കൽ കോളേജ് എന്നീ മൂന്ന് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളാണ് ഈ വർഷം സർക്കാരുമായുള്ള

കരാർ ഒപ്പുവയ്ക്കാതിരുന്നത്. സർക്കാരിന് ഈ കോളേജുകളെ നിയന്ത്രിക്കാനുള്ള നിയമപരിരക്ഷ ഇല്ലാതിരുന്നതിനാൽ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയാണ് പ്രവേശന നടപടികളിലെ സുതാര്യത പരിശോധിക്കുന്നത്. ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതിലെ സുതാര്യതയില്ലായ്മയും അപേക്ഷകരുടെ ലിസ്റ്റ്, റാങ്ക് ലിസ്റ്റ്, അലോട്ട്മെന്റ് ലിസ്റ്റ് എന്നിവ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തതും അപേക്ഷാ സമർപ്പണത്തിന് വെബ്സൈറ്റ് സൗകര്യം പലപ്പോഴും ലഭ്യമാക്കാതിരുന്നതിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ മെഡിക്കൽ കോളേജ്, കരുണ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ പ്രവേശനം അഡ്മിഷൻ സൂപ്പർവൈസറി കമ്മിററി 02-10-2016-ലെ ഉത്തരവിലൂടെ റദ്ദാക്കുകയുണ്ടായി. പ്രസ്തുത വിഷയം ബഹുമാനപ്പെട്ട സ്പീക്കർ കൂടി ശ്രദ്ധിക്കേണ്ടതാണ്. ഇതിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നാണ് ശ്രീ. ഹൈബി ഈഡന്റെ ആരോപണം. ഇത്തരത്തിൽ പ്രവേശനം റദ്ദ് ചെയ്ത അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് കരുണ, കണ്ണൂർ മെഡിക്കൽ കോളേജുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ഈ രണ്ട് മെഡിക്കൽ കോളേജുകളാണ് സർക്കാരുമായി കരാർ ഒപ്പിടാതിരുന്നത്. കെ.എം.സി.ടി.യുടെത് വേറൊരു കേസാണ്. അവസാന നിമിഷത്തിലാണ് അവർക്ക് എം.സി.ഐ.യുടെ

അംഗീകാരം ലഭിച്ചത്. ഈ കോളേജുകളിലെ അപേക്ഷകരെയും അപേക്ഷ നിരസിക്കപ്പെട്ടവരെയും പ്രവേശനം നേടിയവരെയും പ്രവേശനം സംബന്ധിച്ച് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിക്ക് പരാതി നൽകിയവരെയുമെല്ലാം പരിഗണിച്ചുകൊണ്ട് പ്രവേശനം പൂർത്തിയാക്കേണ്ട അവസാന തീയതിയായ 07.10.2016-നുതന്നെ പ്രവേശന നടപടികളുടെ സൂക്ഷ്മ പരിശോധന നടത്തുന്നതിനും മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ഉറപ്പുവരുത്തുന്നതിനും പ്രവേശന കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ട് 06.10.2016-ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിക്കാനും പ്രവേശന പരീക്ഷാ കമ്മീഷണറോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ കോടതി ഉത്തരവിൽ പരാമർശിച്ചിരുന്ന പ്രവേശനം സംബന്ധിക്കുന്ന ആധികാരിക രേഖകളൊന്നുംതന്നെ കണ്ണൂർ മെഡിക്കൽകോളേജ് അധികാരികൾ ഹാജരാക്കിയില്ല. എന്നാൽ ഹാജരാക്കിയ ഏതാനും രേഖകൾ ആധികാരികത ഉള്ളതോ അപേക്ഷകരുടെ റാങ്ക്, കാറ്റഗറി എന്നിവ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതോ ആയിരുന്നില്ല. കൂടാതെ കോളേജിനെ പ്രതിനിധീകരിച്ചുവന്നവർ സ്പോട്ട് അഡ്മിഷൻ പ്രക്രിയയിൽ സഹകരിക്കുകയോ ഹാജർ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കോളേജ് അധികൃതരുടെ നിസ്സഹകരണവും

പൂർണ്ണമായ വിവരങ്ങളുടെ അഭാവവുംമൂലം കണ്ണൂർ മെഡിക്കൽ കോളേജിലെ പ്രവേശനം സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്താനോ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ഉറപ്പുവരുത്താനോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സാധിച്ചിട്ടില്ല. പാലക്കാട് കരുണ മെഡിക്കൽ കോളേജ് അധികൃതർ ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ പരാതിക്കാരെ സംബന്ധിച്ച വിവരങ്ങൾ അഡ്മിഷൻ സൂപ്പർ വൈസറി കമ്മിറ്റിക്ക് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് കരുണ മെഡിക്കൽ കോളേജ് അധികൃതർ പ്രവേശനം നൽകിയിരുന്ന 70 വിദ്യാർത്ഥികൾ ഉൾപ്പെടെ അർഹരായ 100 വിദ്യാർത്ഥികളെ തെരഞ്ഞെടുത്തു. നേരത്തെ പ്രവേശനം നേടിയിരുന്നവരിൽ 30 പേർ ക്രമവിരുദ്ധമായിട്ടുള്ള പ്രവേശനം നേടിയതായി കണ്ടെത്തി അവരുടെ ലിസ്റ്റ് വേറെ തയ്യാറാക്കി. ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ടും ലിസ്റ്റുകളും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 13.10.2016-ന് സമർപ്പിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതി ഈ കേസ് 19.10.2016-ന് പരിഗണനയ്ക്കായി എടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതുമാത്രമല്ല ഈ രണ്ട് കോളേജുകൾ ഗവൺമെന്റുമായി കരാറുണ്ടാക്കാതെ സുപ്രീംകോടതിയെ സമീപിച്ച് കണ്ണൂർ മെഡിക്കൽ കോളേജ് അവരുടെ പ്രോസ്പെക്ടസിൽ 10 ലക്ഷം രൂപ ഫീസ് ഈടാക്കാൻ അനുവാദം തരണമെന്നും

കരുണ മെഡിക്കൽ കോളേജ് 7.45 ലക്ഷം രൂപ ഈടാക്കാൻ അനുവാദം തരണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ച് അനുവാദം നേടി വന്നു. ആ സമയത്ത് ഫീ റെഗുലേറ്ററി കമ്മിറ്റി അത് അനുവദിക്കാൻ പറ്റില്ലെന്നും 4.40 ലക്ഷം രൂപ വാങ്ങിക്കൊണ്ട് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസിൽ അലോട്ട്മെന്റ് നടത്തണമെന്നും അവർക്ക് ഉത്തരവ് കൊടുത്തു. ആ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് വീണ്ടും അവർ ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ ഉത്തരവ് സെറ്റ് എസൈഡ് ചെയ്തിട്ട് ഈ പറയുന്ന പ്രോസ്പെക്ടസിൽ അവർ സൂചിപ്പിച്ചിട്ടുള്ള 10 ലക്ഷവും 7.45 ലക്ഷവും വാങ്ങുന്നതിനുള്ള ഉത്തരവ് അവർക്ക് കൊടുക്കുകയാണുണ്ടായത്. അതനുസരിച്ചാണ് ഇത്രയും ഉയർന്ന ഫീസിൽ അഡ്മിഷൻ നടത്തേണ്ടതായി വന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ബാങ്ക് ഗ്യാരന്റിയൊന്നും ഞങ്ങൾ നിശ്ചയിച്ചതല്ല. അതെല്ലാം സുപ്രീംകോടതിയുടെ ഓർഡിനൻസിൽ ഉള്ളതാണ്. നേരത്തെയുള്ള കരാറുകളിലുള്ളതാണ്. അതവരുടെ അവകാശമായി അംഗീകരിച്ച് നിൽക്കുന്ന കാര്യമാണ്. അത് ഞങ്ങളായിട്ട് കൊണ്ടുവന്നതോ സർക്കാർ ഉണ്ടാക്കിയ എഗ്രിമെന്റിന്റെ ഭാഗമായിട്ടുള്ളതോ അല്ല. ദുരുപദിഷ്ടമായിട്ടുള്ള ഒരുപാട് കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഇനിയെങ്കിലും പ്രതിപക്ഷം ഈ സ്വാശ്രയ മെഡിക്കൽ

കരാറുമായി ബന്ധപ്പെട്ട ഇത്തരത്തിലുള്ള അടിസ്ഥാനരഹിതമായിട്ടുള്ള ആരോപണം അവസാനിപ്പിക്കണം. അവസാനത്തെ പരിശോധനയിൽ 1225 മെറിറ്റ് സീറ്റ് ഇത്തവണ ഈ ഗവൺമെന്റിന്റെ പ്രത്യേക പരിശ്രമത്തിന്റെ ഭാഗമായി കിട്ടി. മെറിറ്റ് സീറ്റിൽ കൂടുതൽ കുട്ടികൾക്ക് പ്രവേശനം നേടാൻ കഴിഞ്ഞു എന്നുള്ളതാണ് ഗവൺമെന്റുമായി ഉണ്ടാക്കിയ ഏറ്റവും വലിയ ഗുണം. അതിലെ നാമമാത്രമായ ഫീസ് വർദ്ധനവിനെ ചോദ്യം ചെയ്തുകൊണ്ട് സമരം നടത്തിയ പ്രതിപക്ഷം കരുണ മെഡിക്കൽ കോളേജിന്റേയോ കണ്ണൂർ മെഡിക്കൽ കോളേജിന്റേയോ......എന്തോ ആവട്ടെ......

മി. സ്പീക്കർ: യെസ്....യെസ്........ബഹുമാനപ്പെട്ട മന്ത്രി..........

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: മെറിറ്റ് സീറ്റിന്റെ എണ്ണത്തിൽ......അതെല്ലാം ഇവിടെ വിശദീകരിക്കപ്പെട്ടിട്ടുള്ളതാണ്. ജനങ്ങൾക്ക് നന്നായിട്ട് അറിയാം. ജനങ്ങൾ അംഗീകരിച്ച......ഇവിടെ പറഞ്ഞല്ലോ ചരിത്രത്തിൽ രേഖപ്പെടുത്തേണ്ടുന്ന ചരിത്രപ്രസിദ്ധമായിട്ടുള്ള കരാറാണ് ഇത്തവണ.........

മി. സ്പീക്കർ: യെസ്.....പറഞ്ഞ് അവസാനിപ്പിക്കൂ.......

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഇരുപത് കോളേജുകളെ സർക്കാരിന്റെ

വരിധിയിൽ കൊണ്ടുവന്ന് ഇരുപത്തി അയ്യായിരം രൂപയ്ക്കും രണ്ടര ലക്ഷത്തിനും പഠിക്കാനുള്ള സീറ്റുകളുണ്ടാക്കി ഈ ഗവൺമെന്റ്. എന്നാൽ ഇവർ പറയുന്നതുപോലെ പ്രവർത്തിച്ചിരുന്നുവെങ്കിൽ കഴിഞ്ഞ തവണ ആറ് കോളേജുകളെ കയറൂരി വിട്ട് അവർക്ക് തോന്നിയതുപോലെ ഫീസീടാക്കാനുള്ള അനുവാദം നേടി ലക്ഷക്കണക്കിന് കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്താനുള്ള സാഹചര്യം സൃഷ്ടിച്ചുകൊടുത്ത യു.ഡി.എഫ്.നെ പോലെയല്ല ഇത്തവണ കരാറുണ്ടാക്കിയത്. ഈ രണ്ട് കോളേജുകളുടെ കാര്യം അനുഭവമാണ്. ഈ രണ്ട് കോളേജുകളും സർക്കാരുമായിട്ട് കരാറുണ്ടാക്കാത്തതിന്റെ മാത്രം ഭാഗമായിട്ടാണ് 10 ലക്ഷം രൂപയ്ക്ക് കുട്ടികൾക്ക് അവിടെ അഡ്മിഷൻ തേടി ചെല്ലേണ്ടി വന്നത്. കുട്ടികൾ എന്നെ വിളിച്ചിട്ട് പറഞ്ഞു, ഈ കോളേജുകളെ കൂടി മിനിസ്റ്റർ കരാറിൽ ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഞങ്ങൾക്ക് കുറച്ചുകൂടി മെറിറ്റ് സീറ്റ് കിട്ടുമായിരുന്നു. ഞാൻ പറഞ്ഞു ഞങ്ങൾ പരിശ്രമിച്ചു ആ രണ്ട് കോളേജുകളും നിന്നില്ല. യു.ഡി.എഫ്.കാർ സമരം നടത്തേണ്ടത് ഈ രണ്ട് കോളേജുകളുടെ മുറ്റത്തായിരുന്നു. ആ മാനേജുമെന്റിനെതിരെ ചെറുവിരലനക്കാതെ ഈ സർക്കാർ കരാറുണ്ടാക്കിയതിനെ എതിർത്തുകൊണ്ട് നാട്ടിലെ ജനങ്ങളെ ദ്രോഹിക്കുന്ന തീരുമാനമാണ് ഉണ്ടാക്കുന്നത് എന്നുമാത്രമേ എനിക്ക് പറയാനുള്ളു. നിയമപരമായ

എല്ലാ നടപടികളും ഈ കരാറുണ്ടാക്കാത്ത തെറ്റ് ചെയ്യുന്ന മെഡിക്കൽ കോളേജുകൾക്കെതിരെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. തുടർന്ന് സുപ്രീംകോടതി വരെ അപ്പീൽ പോകാൻ ഞങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. തെറ്റ് നടക്കുന്ന കോളേജുകൾ കാണിക്കുന്ന അഴിമതിക്കെതിരെ ശക്തമായ നടപടി ഈ സർക്കാർ സ്വീകരിക്കുന്നതാണ്.

## തൊഴിൽ സംരക്ഷണം

ശ്രീ. പുരുഷൻ കടലുണ്ടി: സർ, സംസ്ഥാനത്തെ ഫോട്ടോഗ്രാഫി വീഡിയോ ഗ്രാഫി തൊഴിൽ മേഖലയിലുള്ളവരുടെ സംരക്ഷണം ഉറപ്പുവരുത്താനും അവർക്ക് ആവശ്യമായ ക്ഷേമ പെൻഷനുകൾ അനുവദിക്കാനുംവേണ്ട തീരുമാനങ്ങളുമുണ്ടാകണമെന്ന് ആവശ്യപ്പെടുന്നതാണ് എന്റെ സബ്മിഷൻ. വർത്തമാനകാലത്ത് വളരെ റിസ്ക്കുള്ള, വെല്ലുവിളികളുള്ള ഫോട്ടോഗ്രാഫി, വീഡിയോ ഗ്രാഫി തൊഴിൽ മേഖലയിൽ ഇന്ന് ലക്ഷക്കണക്കിന് തൊഴിലാളികളുണ്ട്. യാതൊരു സർക്കാർ ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുന്നില്ല. ക്ഷേമനിധി പെൻഷൻ, ആരോഗ്യ ഇൻഷ്യുറൻസ്, വായ്പാ പദ്ധതികൾ, തൊഴിൽ സംരക്ഷണം എന്നിവ ഈ മേഖലയ്ക്കും ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാനും തൊഴിലാളികളുടെ ഹൃദയമറിയുന്ന തൊഴിൽ വകുപ്പുമന്ത്രിയായ അങ്ങയുടെ

ശ്രദ്ധയിൽകൊണ്ടുവരാനുമാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ആവശ്യമായ നടപടികൾ സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, സംസ്ഥാനത്ത് ഫോട്ടോഗ്രാഫി/വീഡിയോഗ്രാഫി മേഖലകളിൽ പണിയെടുക്കുന്നവരിൽ തൊഴിലുടമകളുടെ കീഴിൽ ജോലി ചെയ്യുന്നവരും സ്വന്തമായി തൊഴിൽ ചെയ്യുന്നവരുമുണ്ട്. ഒരു തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്നവർക്ക് 1960-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, 1948-ലെ മിനിമം വേതന നിയമം, 1957-ലെ പ്രസവാനുകൂല്യ നിയമം തുടങ്ങിയ തൊഴിൽ നിയമങ്ങൾ ബാധകമാണ്. തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകാൻ തൊഴിലുടമ ബാധ്യസ്ഥനാണ്. നിയമപ്രകാരമുള്ള സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്താൻവേണ്ട നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കുന്നുണ്ട്. ഈ മേഖലയെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളതും അവർക്കായി മിനിമം വേതനം നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം മിനിമം വേതന ഉപദേശക സമിതിയുടെ പരിശോധനയിലുമാണ്. സംസ്ഥാന ഫോട്ടോഗ്രാഫി/വീഡിയോഗ്രാഫി തൊഴിൽ മേഖലയിലുള്ള 5717 തൊഴിലാളികൾ, 05/10/2016 വരെ കേരള ഷോപ്പ്സ്

ആന്റ് കമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തിട്ടുണ്ട്. ഇത്തരം അംഗങ്ങൾക്ക് കേരള ഷോപ്പ് ആന്റ് കമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ഈ പദ്ധതി പ്രകാരം 10 വർഷം തുടർച്ചയായി അംശദായം അടയ്ക്കുന്ന അംഗങ്ങൾക്ക് പെൻഷൻ നൽകാൻ വ്യവസ്ഥയുണ്ട്. ഒരു വർഷമെങ്കിലും അംശദായം തുടർച്ചയായി അടച്ചിട്ടുള്ള വനിതാംഗത്തിന് പ്രസവാനുകൂല്യം, മൂന്ന് വർഷമെങ്കിലും അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടേയും സ്ത്രീ അംഗങ്ങളുടെയും വിവാഹചെലവിനായി 5000 രൂപ നിധിയിൽനിന്ന് നൽകുന്നു. അംഗത്തിന്റെയോ അംഗത്തിന്റെ കുടുംബാംഗങ്ങളുടേയോ മരണാനന്തര ചെലവുകൾക്കായി 1000 രൂപ വീതം നൽകുന്നു. മൂന്ന് വർഷമെങ്കിലും നിധിയിലേക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് അംഗത്വ കാലാവധിയിൽ പരമാവധി 10000 രൂപ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ചികിത്സാ ധനസഹായം നൽകുന്നു. ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നു. ക്ഷേമനിധിയിൽ ഒരംഗം മരണപ്പെട്ടാൽ ആദ്യ

മൂന്ന് വർഷത്തെ അംഗത്വ കാലയളവിനുള്ളിൽ 5000 രൂപയും ശേഷമുള്ള ഓരോ വർഷ കാലയളവിന് 1000 രൂപാവീതവും രണ്ടും കൂടി പരമാവധി 20000 രൂപ അംഗത്തിന്റെ കുടുംബത്തിന് മരണാനന്തര ധനസഹായം നൽകുന്നുണ്ട്. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്ത തൊഴിലാളികളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയിലെ സംഘടനാ പ്രതിനിധികളുമായി തൊഴിലും എക്സൈസും വകുപ്പുമന്ത്രി 2016, സെപ്റ്റംബർ 7-ന് ചർച്ച നടത്തുകയുണ്ടായി. ഛായാഗ്രഹണ മേഖലയിൽ പണിയെടുക്കുന്നവരെക്കൂടി ക്ഷേമനിധി അംഗത്വത്തിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കാനും അവരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാനും തീരുമാനിച്ചിട്ടുണ്ട്.

<u>ദേശീയഗാനം നിരോധിച്ചത് സംബന്ധിച്ച്</u>

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, പഴയ മലബാർ മേഖലയിലുള്ള ഏറ്റവും പഴയ കോളേജാണ് പാലക്കാട് വിക്ടോറിയ കോളേജ്. വളരെ പ്രഗൽഭരായ വി. കെ. കൃഷ്ണമേനോൻ, ശ്രീ. ഒ. വി. വിജയൻ, ടി. എൻ. ശേഷൻ പോലെയുള്ള ആളുകൾ പഠിച്ചിട്ടുള്ള കോളേജാണ്. എന്നാൽ ഇന്ന് അടുത്ത കാലത്ത് വന്നിട്ടുള്ള ചില

വാർത്തകൾ വളരെ ഖേദവും ആശങ്കയുമുണ്ടാക്കുന്ന കാര്യങ്ങളാണ്. അവിടുത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രിൻസിപ്പൽ വളരെ കാലം പ്രവർത്തിച്ചശേഷം റിട്ടയർ ചെയ്തുപോകുന്ന ദിവസം കുട്ടികൾ അവരുടെ ശവമഞ്ചം ഒരുക്കിയതായ ഒരു റിപ്പോർട്ട് വായിക്കുകയുണ്ടായി. വളരെ വേദനയുണ്ടായി. അതിനുശേഷം വന്ന ഒരു റിപ്പോർട്ടാണ് ആ കോളേജിൽ ദേശീയഗാനം പാടുന്നത് നിരോധിച്ചിരിക്കുന്നു, അത് പാടുന്നില്ല എന്ന വാർത്ത. വളരെ ആശങ്കയുണ്ട്. ഇതിനെപ്പറ്റി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അന്വേഷിച്ച് അത് ശരിയാക്കുന്നതിനുള്ള ശ്രമം നടത്തി ആ സ്ഥാപനത്തിന്റെ സൽപ്പേര് നിലനിർത്താൻ ശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ദേശീയഗാനം നിരോധിച്ചത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: ശ്രീ. ഷാഫി പറമ്പിൽ അങ്ങയുടെ മണ്ഡലമായതുകൊണ്ട് അങ്ങേയ്ക്ക് ഒരു വാചകം പറയാവുന്നതാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, പാലക്കാട് വിക്ടോറിയ കോളേജുമായി ബന്ധപ്പെട്ടതായതുകൊണ്ടാണ് ഒരു വാചകത്തിനായി അനുമതി ചോദിച്ചത്. വിക്ടോറിയ കോളേജെന്നല്ല പാലക്കാട് മണ്ഡലത്തിലെ ഏത് ക്യാമ്പസിലും എൽ.പി. സ്കൂളിലാണെങ്കിൽപോലും ദേശീയഗാനത്തിന് ഏതെങ്കിലും തരത്തിലുള്ള

നിരോധനം വരുത്തുന്നതിന് ഒരു കാരണവശാലും ആരും അംഗീകരിക്കുമെന്ന് ഞാൻ കരുതുന്നില്ല. അങ്ങനെയൊരു തീരുമാനമുണ്ടാകുമെന്ന് കരുതുന്നില്ല. ഇവിടെ പറഞ്ഞ രണ്ട് കാര്യങ്ങളിലൊന്ന് അവിടുത്തെ പ്രിൻസിപ്പലുമായി ബന്ധപ്പെട്ടുണ്ടായ സംഭവം വളരെ ഖേദകരമാണ് അവരുടെ ശവമഞ്ചം ഉൾപ്പെടെ ഉണ്ടാക്കി എന്ന പ്രയാസങ്ങളുണ്ടായി. പക്ഷെ ഒരിക്കലും 125 വർഷത്തെ പാരമ്പര്യമുള്ള ഒട്ടേറെ പ്രഗൽഭന്മാരെ സൃഷ്ടിച്ചിട്ടുള്ള ഒരു ക്യാമ്പസിനെ ദേശീയഗാന നിരോധിതമേഖലയായി ഒരു കാരണവശാലും ചിത്രീകരിക്കരുത്. എന്റെ അറിവിൽ അങ്ങനെ ഒരു നിരോധനം അവിടെ നടന്നിട്ടില്ല. അവിടെ മൈക്കുമായി ബന്ധപ്പെട്ട് ചില പരാതികളുണ്ടായി. അത് പരിഹരിച്ച് ഇപ്പോൾ വീണ്ടും അവിടെ ദേശീയഗാനം ആലപിക്കാൻ തുടങ്ങിയിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. ഒരിക്കലും ഒരു ദേശവിരുദ്ധരുടെ കേന്ദ്രമായിട്ട് വിക്ടോറിയ കോളേജ് പോലൊരു ക്യാമ്പസിനെ ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവരുത്. അത് ജാഗ്രയോടുകൂടി തന്നെ ഗവൺമെന്റ് കാണണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ വിവിധ വിദ്യാർത്ഥി സംഘടനകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കോഴിക്കോട് സർവ്വകലാശാല യൂണിയന്റെ പ്രസിഡൻഷ്യൽ

രീതിയിലുള്ള തെരഞ്ഞെടുപ്പാണ് ഇവിടെ നടക്കുന്നത്. ഈ കോളേജിൽ രാഷ്ട്രീയ അതിപ്രസരമുണ്ടെന്നുള്ള പരാതി അടിസ്ഥാനരഹിതമാണ്. 2009 മുതൽ കോളേജിലെ പൊതു ഉച്ചഭാഷണിയിലൂടെ രാവിലെ ദേശീയഗീതവും വൈകുന്നേരം ദേശീയഗാനവും കേൾപ്പിച്ചുവന്നിരുന്നു. എന്നാൽ ഉച്ചഭാഷിണി സംവിധാനത്തിലെ സാങ്കേതിക തകരാർ കാരണം ഓണ അവധിക്കുശേഷം കുറച്ചു ദിവസങ്ങളിൽ ഇവ കേൾപ്പിക്കാൻ സാധിച്ചിരുന്നില്ല. സാങ്കേതിക പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഉച്ചഭാഷിണിയിലൂടെ ദേശീയ ഗീതവും ദേശീയഗാനവും 3.10.2016 മുതൽ കേൾപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ട്. ഉച്ചഭാഷിണി സംവിധാനം പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.